The Heavenly Light Ministry

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ
ദേവാധിദേവനെ രാജാധിരാജാവേ
വാഴ്ത്തി വണങ്ങിടുമേ

അത്ഭുത നിത്യസ്നേഹം എന്നിൽ
സന്തതം തന്നിടും ദൈവസ്നേഹം
എന്നും മാറാത്ത ദിവ്യസ്നേഹം
എന്നിൽ വസിക്കും സ്നേഹം സ്തോത്രങ്ങ

ജ്യോതിയായ് കാണും സ്നേഹം ഉള്ളിൽ
ജീവൻ തന്നു എന്നെ വീണ്ടസ്നേഹം
ത്യാഗം സഹിച്ച ക്രൂശിൻ സ്നേഹം
ദിവ്യമധുര സ്നേഹം സ്തോത്രങ്ങ

മായാലോകത്തിൽ മോഹം തേടി
ശാപമേററ എന്നെ വീണ്ടസ്നേഹം
എന്നെത്തേടിയ ദിവ്യസ്നേഹം
എന്നിൽ പെരുകും സ്നേഹം സ്തോത്രങ്ങ

ജീവനേകിയ സ്നേഹം സർവ്വ
ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം
ജീവശക്തിയാം ക്രൂശിൻ സ്നേഹം
എന്നിൽ പെരുകും സ്നേഹം സ്തോത്രങ്ങ

വാക്കുമാറാത്ത സ്നേഹം തിരു
വാഗ്ദത്തം തന്നെന്നെ നിർത്തും സ്നേഹം
ഉന്നതമാം ക്രൂശിൻ സ്നേഹം
ഉള്ളിൽ വസിക്കും സ്നേഹം സ്തോത്രങ്ങൾ